# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5189**

**23.05.2017 - ൽ മറുപടിക്ക്**

### നീര കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവും ലാഭത്തിലാണോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവും ലാഭത്തിലാണോ എന്നത് സംബന്ധിച്ച് കൃഷി വകുപ്പ് പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ നീര ഉത്പാദിപ്പിക്കുന്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുമായി ചർച്ചകൾ നടത്തി വരുന്നു. |
| ബി) നീര ഉല്പാദന സംഘങ്ങൾക്കും കർഷകർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | ബി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളീകേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അതു പ്രകാരം 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വിതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളീകേര വികസന ബോർഡ്, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br>"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.<br>നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകി വരുന്നു. വെന്റിംഗ് മെഷീനുകൾ / വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ